**പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി ജില്ലയുടെ നടപടിക്രമങ്ങൾ.**

വിഷയം പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ്- ക്ലാർക്ക് തസ്തികയിലെ നിയമനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (1). 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് ചട്ടങ്ങൾ
(2) 1994 ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ
(3) കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ, ഇടുക്കി ജില്ലാ ഓഫീസറുടെ 27/04/2018 തീയതിയിലെ ഐ.ഡി.ബി (4) 3161/13(4) നമ്പർ നിയമന ശുപാർശ കത്ത്.

**ഉത്തരവ് നമ്പർ. എ 3- 2288/2005/വാല്യം-10 തീയതി. 17/05/2018.**

ഇടുക്കി ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ നിയമിക്കപ്പെടുന്നതിന് കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ പരാമർശം (3) പ്രകാരം ശുപാർശ ചെയ്തിട്ടുള്ള താഴെ പട്ടികയിൽ കോളം (2) ൽ പേര് പറയുന്ന ഉദ്യോഗാർത്ഥികളെ പരാമർശം (2) ചട്ടങ്ങളിലെ നിശ്ചിത വ്യവസ്ഥകൾ പ്രകാരം 19000-500-20000-550-22200-600-25200-650-27800-700-29900-800-33900-900-37500-1000-42500-1100-43600 രൂപ ശമ്പള സ്കെയിലിൽ ക്ലാർക്ക് തസ്തികയിൽ താഴെ പട്ടികയില് കോളം (7) ൽ പേർ പറയുന്ന ഓഫീസുകളിൽ താൽകാലികമായി(provisional) നിയമിച്ച് ഉത്തരവാകുന്നു.

**പട്ടിക**

| ക്രമ നം | പേരും മേൽ വിലാസവും | പിതാവിന്റെ / രക്ഷാകർത്താവിന്റെ പേര് | ജനന തീയതി | യോഗ്യത/ പരിചയം | നിയമന ക്വാട്ട | നിയമിക്കപ്പെടുന്ന ഓഫീസ് |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | രാധാകൃഷ്ണപിള്ള എസ്<br>കുഴവേലിൽ<br>ഏവൂർ സൌത്ത്, കായംകുളം<br>കീരിക്കാട്, ആലപ്പുഴ-690508<br><br>Radhakrishna Pillai S<br>Kuzhuvelil<br>Evoor South, Kayamkulam<br>Keerikkad, Alappuzha- 690508 | ശിവശങ്കര പിള്ള | 20/05/1983. | എസ്എസ്എൽസി | ഒ സി ടേൺ | ഉടുമ്പൻചോല ഗ്രാമ പഞ്ചായത്ത് ഓഫീസ്, ഉടുമ്പൻചോല |
| 2 | അർജ്ജുൻ രാജ് വി ഐ<br>അർജ്ജുനം, 33<br>സെബാസ്റ്റ്യൻ റോഡ്<br>ചെവായൂർ, കോഴിക്കോട്<br>ചെവായൂർ<br>കോഴിക്കോട്- 673017<br><br>Arjun Raj V I<br>Arjunam, 33<br>Subastian Road<br>Chevayoor, Kozhikode<br>Chevayoor,<br>Kozhikode- 673017 | രാജൻ എം | 02.03.1986 | സിബിഎസ്ഇ 10 | ഒ സി ടേൺ | മൂന്നാർ ഗ്രാമ പഞ്ചായത്ത് ഓഫീസ്, മൂന്നാർ |
| 3. | വീണ രാജൻ<br>വിരുതൻകണ്ടത്തിൽ<br>പുറ്റടി<br>പുറ്റടി, ഇടുക്കി<br>(ഈഴവ)<br><br>Veena Rajan<br>Viruthankandathil<br>Puttady<br>Puttady, Idukki<br>(Ezhava) | രാജൻ വി ആർ | 19.08.1986 | എസ്എസ്എൽസി | ഒ സി ടേൺ | കമളി ഗ്രാമ പഞ്ചായത്ത് ഓഫീസ്, കമളി |
| 4. | ജയരാജൻ കെ ആർ<br>കണ്ണിയാരുപാറ പുത്തൻവീട്<br>കട്ടപ്പന പി ഒ | രാജശേഖരൻ | 24/03/1984 | എസ്എസ്എൽസി | എൽഇ ടേൺ | ഇടമലക്കുടി ഗ്രാമ പഞ്ചായത്ത് ഓഫീസ്, ദേവികുളം |

| | | | | | | |
|---|---|---|---|---|---|---|
| | കട്ടപ്പന- 685508<br><br>Jayarajan K R<br>Kannyaruoara Puthenveedu<br>Kattappana P O<br>Kattappana- 685508 | | | | | |
| 5 | **സ്ഥിരം വിലാസം**<br>മൻസൂറ എസ്<br>മൻസൂറ മൻസിൽ<br>തെക്കേമുറി<br>ശൂരനാട് പി ഒ<br>കൊല്ലം- 690522<br>**കമ്മ്യൂണിക്കേഷൻ വിലാസം**<br>മൻസൂറ എസ്<br>പലാശ്ശേരിൽ വീട്<br>പുന്നലത്തുപടി<br>ചുരുളികോട് പി ഒ<br>പത്തനംതിട്ട 689668<br>(മുസ്ലിം)<br><br>**Permanent address**<br>Mansoora S<br>Mansoora Manzil<br>Thekkemuri<br>Sooranad P O<br>Kollam-690522<br>**Communication Address**<br>Mansoora S<br>Palasseril House<br>Punnalathupady<br>Churulicodu P O<br>Pathanamthitta 689668<br>(Muslim) | റഹിം | 28/05/1984 | എസ്എസ്എൽസി | സംവരണ ടേൺ മുസ്ലിം | പള്ളിവാസൽ ഗ്രാമ പഞ്ചായത്ത് ഓഫീസ്, പള്ളിവാസൽ |

ഉദ്യോഗാർത്ഥികൾ ,

- ജനന തീയതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (അസലും ഒരു പകർപ്പും)
- സർക്കാർ സർവ്വീസിലുള്ള അസിസ്റ്റന്റ് സർജനിൽ കുറയാത്ത പദവിയിലുള്ള മെഡിക്കൽ ഓഫീസറുടെ പക്കൽ നിന്നുള്ള ആരോഗ്യക്ഷമതാ സാക്ഷ്യപത്രം. ( മെഡിക്കൽ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ്) (മാതൃക ഉള്ളടക്കം ചെയ്യുന്നു) (അസലും ഒരു പകർപ്പും)
- സർക്കാർ സർവ്വീസിലുള്ള ഒരു ഗസറ്റഡ് ഓഫീസറിൽ നിന്നുള്ള സ്വാഭാവ സാക്ഷ്യപത്രം (മാതൃക ഉള്ളടക്കം ചെയ്യുന്നു) (അസലും ഒരു പകർപ്പും)
- സാമൂദായിക സംവരണ ക്വാട്ടയിൽ നിയമനം ലഭിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ സമുദായം തെളിയിക്കുന്നതിന് നിശ്ചിത മാതൃകയിലുള്ള സമുദായ സർട്ടിഫിക്കറ്റ് / നോൺ ക്രീമിലയർ സർട്ടിഫിക്കറ്റ്(അസലും ഒരു പകർപ്പും)
- വിമുക്ത ഭടനാണ് എങ്കിൽ ആയത് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (അസലും ഒരു പകർപ്പും)
- കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് (അസലും ഒരു പകർപ്പും) എന്നിവ സഹിതം *പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി ജില്ലയുടെ തൊടുപുഴയിലുള്ള ജില്ലാ കാര്യാലയത്തിൽ (മൌണ്ട് സീയോൻ ഹോസ്പിറ്റൽ റോഡ്, സിൽവർ ഹിൽസ് സിനിമാസ് ന് സമീപം, തൊടുപുഴ) (ഫോൺ: 04862 222846) നേരിട്ട് 29/05/2018-ാം തീയതി രാവിലെ 11.00 മണിക്ക് ഹാജരാകേണ്ടതും ഈ ഓഫീസിൽ നിന്നും നൽകുന്ന രസീത് ഉൾപ്പെടെ നിയമനം ലഭിച്ച ഗ്രാമ പഞ്ചായത്ത് ഓഫീസിൽ ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്. പരിശോധനക്ക് ശേഷം മേൽപടി അസൽ സർട്ടിഫിക്കറ്റുകൾ ഉദ്യോഗാർത്ഥിക്ക് തിരികെ നൽകുന്നതാണ്. ആയത് നിയമനം ലഭിച്ച ഓഫീസ് മേധാവി (ഗ്രാമ പഞ്ചായത്ത് സെക്രട്ടറി)* മുമ്പാകെ ഹാജരാക്കേണ്ടതും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ടി സർട്ടിഫിക്കറ്റുകളുടെ അസൽ (ജനനതീയതി, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ കാര്യത്തിൽ ആയതിന്റെ സാക്ഷ്യപെടുത്തിയ പകർപ്പ്) ഉദ്യോഗാർത്ഥിയുടെ സേവനപുസ്തകത്തിൽ പതിപ്പിക്കേണ്ടതുമാണ്.

*വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിലെ മേൽ വിലാസവും(നിയമന ഉത്തരവ് അയക്കുന്ന മേൽവിലാസം) ഹാജരാക്കുന്ന തിരിച്ചറിയൽ രേഖകളിലെ വിലാസവും വ്യത്യസ്ഥമാണെങ്കിൽ മേൽപടി വിലാസങ്ങളിലുള്ളയാൾ ഒരാൾ തന്നെയാണെന്ന ഗസറ്റഡ് ഓഫീസറുടെ / വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം കൈവശം കരുതേണ്ടതാണ്.*

***" വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഇടുക്കി ജില്ലാ ഓഫീസിൽ കൈപറ്റുകയും സേഫ് കസ്റ്റഡിയിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്" എന്ന സാക്ഷ്യപത്രം ഹാജരാക്കാത്ത യാതൊരു ഉദ്യോഗാർത്ഥിയെയും, ഓഫിസ് മേധാവി, ജോലിയിൽ പ്രവേശിപ്പിക്കാൻ പാടുള്ളതല്ല.***

ഉദ്യോഗാർത്ഥികൾ സേവനത്തിൽ പ്രവേശിച്ച് 7 ദിവസത്തിനകം, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി , ടി ഉദ്യോഗാർത്ഥികളുടെ പക്കൽ നിന്നും സേവന പുസ്തകം വാങ്ങി ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതും സേവന പുസ്തകത്തിലെ (1) പേര് (2) മേൽ വിലാസം (3) വിരലടയാളം (4) ഒപ്പ് (5) വ്യക്തിഗത തിരിച്ചറിയൽ അടയാളം (6) നിയമന വിവരങ്ങൾ എന്നിവ ഉൾപെടുന്ന പേജുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും നിയമന ഉത്തരവിന്റെ പകർപ്പും ഉദ്യോഗാർത്ഥിക്ക് ലഭിച്ച നിയമന ശുപാർശ കത്തിന്റെ പകർപ്പും നിശ്ചിത പ്രഫോർമ്മയും ഉദ്യോഗാർത്ഥികൾ സ്വയം പൂരിപ്പിച്ച നിശ്ചിത മാതൃകയിലുള്ള പോലീസ് വെരിഫിക്കേഷൻ ഫോറവും സാക്ഷ്യപ്പെടുത്തി കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുമ്പാകെ നിയമന വെരിഫിക്കേഷനായിട്ടും ജില്ലാ പോലീസ് മേധാവി മുമ്പാകെ പോലീസ് വെരിഫിക്കേഷനായിട്ടും നൽകുന്നതിലേക്കായി ഈ കാര്യാലയത്തിലേക്ക് അയച്ചു തരേണ്ടതാണ്. കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ നിയമന വെരിഫിക്കേഷൻ കഴിയുന്ന മുറക്ക് ലഭിക്കുന്ന നിയമന വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിനോടൊപ്പം വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റും (അസൽ) ഈ ഓഫീസിൽ നിന്ന് ലഭ്യമാക്കുന്നതും ആയത് ഉദ്യോഗാർത്ഥിയുടെ സേവന പുസ്തകത്തിൽ പതിപ്പിച്ച് വെക്കേണ്ടതുമാണ്.

സേവനത്തിൽ പ്രവേശിച്ച ഉദ്യോഗാർത്ഥികൾ 7 ദിവസത്തിനകം PRAN (പെർമനന്റ് റിട്ടയർമെന്റ് അക്കൗണ്ട് നമ്പർ) ന് വേണ്ടിയുള്ള നിശ്ചിത അപേക്ഷ ഫാറം ഓഫീസ് മേധാവി മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

31.03.2013 ന് മുമ്പായി സർക്കാർ സേവനത്തിൽ പ്രവേശിക്കുകയും 01.04.2013 ന് ശേഷം സർക്കാർ സേവനത്തിൽ പുതിയ നിയമനം ലഭിക്കുകയും ചെയ്ത ഉദ്യോഗാർത്ഥികൾ കെ.എസ്.ആർ ഭാഗം 3 പെൻഷൻ സ്കീമിൽ തുടരേണ്ടതുണ്ട് എങ്കിൽ പുതിയ നിയമനം ലഭിച്ച് മൂന്ന് മാസത്തിനുള്ളിൽ നിശ്ചിത ഫാറത്തിലുള്ള ഒപ്ഷൻ ഫോറം ഓഫീസ് മേധാവി മുമ്പാകെ സമർപ്പിക്കേണ്ടതാണ്. ( ജിഒ (പി) നം.209/2013/ധനം തീയതി 07/05/2013, ( ജിഒ(പി)നം.279/2014/ധനം തീയതി 14/07/2014)

***ഉദ്യോഗാർത്ഥി സേവനത്തിൽ പ്രവേശിച്ച ആദ്യ മാസത്തിൽ തന്നെ ഉദ്യോഗാർത്ഥിയുടെ ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം (GIS), സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് സ്കീം (SLI), എന്നിവയിൽ അംഗങ്ങളാക്കുന്നതിന് ഓഫീസ് മേധാവി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ടി ഉദ്യോഗാർത്ഥി മേൽപടി പോളിസികളിൽ അംഗം ആകാതിരിക്കുകയും ക്ലെയിം ഉണ്ടാകുകയും ചെയ്താൽ തുടർന്നുള്ള എല്ലാ നടപടികൾക്കും (കോടതി വ്യവഹാരം, നഷ്ടപരിഹാരം ഉൾപെടെ) ബന്ധപ്പെട്ട കാലയളവിലെ ഓഫീസ് മേധാവിക്ക് ഉത്തരവാദിത്വം ഉണ്ടായിരിക്കും***

***നിയമിക്കപ്പെടുന്നയാൾക്ക് ജനറൽ പ്രോവിഡന്റ് ഫണ്ട് അംഗത്വം ഉണ്ട് എങ്കിലും 01/01/2017 ന് ശേഷം പഞ്ചായത്ത് വകുപ്പിൽ സേവനത്തിൽ പ്രവേശിക്കുന്ന എല്ലാവരും കേരള പഞ്ചായത്ത് എംപ്ലോയിസ് പ്രൊവിഡന്റ് ഫണ്ടിൽ അംഗത്വം നേടേണ്ടതാണ്. (സർക്കുലർ നം പി എഫ്5-35813/2015 തീയതി 28/07/2017. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം) . ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം (GIS), സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് സ്കീം (SLI), എന്നിവയിൽ അംഗത്വം നേടാത്ത ജീവനക്കാർക്ക് ആദ്യത്തെ വാർഷിക ശമ്പള വർദ്ധനവ് (ഇൻക്രിമെന്റ്) നൽകുവാൻ പാടുള്ളതല്ല.*** *(കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം 1 ചട്ടം 22 എ,22 ബി,31 ന്റെ താഴയുള്ള നോട്ട് നം 3)*

ഈ നിയമനം തികച്ചും താല്ക്കാലികവും വിശദമായ പരിശോധനയിൽ നിയമിക്കപ്പെടുന്ന ആളിന്റെ സ്വഭാവം, പൂർവ്വ ചരിത്രം എന്നിവ തൃപ്തികരമല്ലെന്ന് സർക്കാരിന് ബോദ്ധ്യപ്പെടുന്നുവെങ്കിൽ മുൻകൂട്ടിയുള്ള അറിയിപ്പ് കൂടാതെ തന്നെ നിയമനം റദ്ദാക്കപ്പെടാവുന്നതാണ്.

ഏതെങ്കിലും കാരണവശാൽ ഈ വകുപ്പിൽ ഒഴിവില്ലാത്തപക്ഷം പിരിച്ചുവിടാൻ ഇടയായാൽ മുകളിൽ പേര് പറഞ്ഞ ഉദ്യോഗാർത്ഥി/ഉദ്യോഗാർത്ഥികൾ അവരെ നിയമനത്തിനായി ശുപാർശ ചെയ്ത കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ ഇടുക്കി ജില്ലാ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യുകയോ ഈ വകുപ്പിൽ തന്നെ പ്രസ്തുത തസ്തികയിൽ വീണ്ടും നിയമിക്കപ്പെടുന്നതിന് ആഗ്രഹിക്കുന്ന പക്ഷം ഈ വകുപ്പിൽ ഒഴിവുണ്ടാകുന്നത് വരെ കാത്തിരിക്കുകയോ ചെയ്യേണ്ടതാണ്. (സർക്കുലർ നം 3737/റൂൾസ്-1/90/പി&എആർഡി തീയതി 29/03/1990, ജിഒ(പി)നം 7/91/പി&എആർഡി തീയതി 15.02.1991)

***ഉദ്യോഗാർത്ഥികൾ നിയമന ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം നിയമനം ലഭിച്ചിട്ടുള്ള ഓഫീസിൽ ഓഫീസ് മേധാവി മുമ്പാകെ ഹാജരായി ജോലിയിൽ പ്രവേശിക്കേണ്ടതാണ്. നിയമന ഉത്തരവിലെ തീയതി മുതൽ 15 ദിവസത്തിന് ശേഷം ജോലിയിൽ പ്രവേശിക്കുന്നതിന് ഉദ്യോഗാർത്ഥി നിയമനാധികാരിയുടെ മുൻകൂർ അനുമതി നേടേണ്ടതാണ്.***

നിയമിക്കപ്പെടുന്നയാൾ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ മൂന്ന് വർഷത്തിനകം രണ്ട് വർഷത്തെ തുടർച്ചയായതും തൃപ്തികരവുമായ സേവനം പൂർത്തിയാക്കുന്നത് വരെ പ്രൊബേഷനിലായിരിക്കും. മേൽപടി നിരീക്ഷണകാലയളവിൽ ഉദ്യോഗാർത്ഥിയുടെ ജോലിയോടുള്ള ആഭിമുഖ്യം, കൃത്യത ,സ്വഭാവം എന്നിവ നിരിക്ഷണവിധേയമായിരിക്കും. മേൽ പടി രണ്ട് വർഷത്തിനകം നിർബന്ധിത വകുപ്പ് തല പരീക്ഷയായ ഓഫീസ് നടപടി ക്രമം (സെക്രട്ടറിയേറ്റ് വകുപ്പുകൾ ഒഴികെ) വിജയിച്ചിരിക്കേണ്ടതാണ്.

ജനന തീയതിയിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ട് എങ്കിൽ ഉദ്യോഗാർത്ഥികൾ സേവനത്തിൽ പ്രവേശിച്ച് അഞ്ച് വർഷത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. (ജിഒ(പി)നം.45/1991/ഉഭപവ. തീയതി 30.02.1991.)

ഉദ്യോഗാർത്ഥി നിയമനത്തിന് അർഹത നേടിയത് ഓപ്പൺ ക്വാട്ടയിലാണോ സംവരണ ക്വാട്ടയിലാണോ എന്ന വിവരവും നിയമന ശുപാർശ കത്ത് നമ്പരും തീയതിയും , നിയമന ഉത്തരവ് നമ്പരും തിയതിയും ജോലിയിൽ പ്രവേശിച്ച തീയതിയും സേവനപുസ്തകത്തിന്റെ നാലാമത്തെ പേജിൽ രേഖപ്പടുത്തേണ്ട താണ്.

ഉദ്യോഗാർത്ഥികളുടെ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഈ ഉത്തരവിനൊടൊപ്പം ബന്ധപ്പെട്ട ഓഫീസ് മേധാവിക്ക് അയക്കുന്നു. ക്രമ നമ്പർ 4 ലെ ഉദ്യോഗാർത്ഥിയുടെ ഐഡിന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് (പി എസ് സി അണ്ടർ സെക്രട്ടറി ഒപ്പുവെച്ചിട്ടുള്ളത്) ഉള്ളടക്കം ചെയ്യുന്നു. ആയത് ടിയാന്റെ സേവനപുസ്തകത്തിൽ പതിപ്പിക്കേണ്ടതാണ്.

ഉദ്യോഗാർത്ഥികൾക്ക് 2018 ലെ പൊതുസ്ഥലം മാറ്റത്തിനോടനുബന്ധിച്ച് നിലവിൽ നിയമനം ലഭിച്ചിരിക്കുന്ന ഓഫീസിൽ നിന്നും മുൻഗണനക്രമമനുസരിച്ച് സ്ഥലം മാറ്റം ലഭിക്കാവുന്നതാണ്. അപ്രകാരം അനുവദിക്കുന്ന സ്ഥലം മാറ്റത്തിന് അപ്പീൽ അനുവദിക്കുന്നതല്ല.

(ഒപ്പ്)
സാമുവൽ എസ് തോമസ്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.

നൽകുന്നത്,

ഉദ്യോഗാർത്ഥികൾക്ക് ( രജിസ്റ്റേഡ് തപാൽ എ.ഡി ഉൾപ്പെടെ)

പകർപ്പ്,

1. സെക്രട്ടറി, l പള്ളിവാസൽ, മൂന്നാർ, കുമളി, ഇടമലക്കുടി, ഉടുമ്പൻചോല ഗ്രാമ പഞ്ചായത്ത്, ഇടുക്കി ജില്ല ( ഉദ്യോഗാർത്ഥികളുടെ ഒ ടി വി സർട്ടിഫിക്കറ്റിന്റെ പകർപ്പ്സഹിതം.)
2. കരുതൽ/അധികം

***കുറിപ്പ്- ക്രമ നമ്പർ 4 ലെ ഉദ്യോഗാർത്ഥി വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിന്റെ അസൽ 29/05/2018 ന് ഹാജരാക്കേണ്ടതാണ്***

ആജ്ഞാനുസരണം

സൂപ്രണ്ട്.